# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 151 | 06.07.2015-ൽ മറുപടിയ്ക്ക്

ഹരിതശ്രീ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.അച്ചുതൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, വി.ഡി. സതീശൻ<br>,, എം.എ. വാഹിദ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വനംവകുപ്പ് 'ഹരിതശ്രീ' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. പ്രസ്തുത പദ്ധതി 2014- 15 വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>ബഹു. വനംപരിസ്ഥിതി മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14.5.14 -ലും 21.5.14 - ലും ചേർന്ന യോഗതീരുമാനങ്ങളെത്തുടർന്ന് പങ്കാളിത്ത പാരിസ്ഥിതിക പരിപാലന പദ്ധതി (Participatory Environment Action Programme-PEAP) നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. സംസ്ഥാനത്തിന്റെ നിലനിൽപ്പിനുതന്നെ കാരണമായ അന്യാദൃശ്യ പാരിസ്ഥിതിക ഘടകങ്ങൾ, ജൈവവ്യവസ്ഥ എന്നിവ ഭാവിതലമുറയ്ക്ക് അന്യമാകാതിരിക്കാനായി, അടിസ്ഥാനപരമായ പരിസ്ഥിതി സംരക്ഷണ പദ്ധതികൾ താഴ്ന്ന തലം മുതൽ പൊതു പങ്കാളിത്തത്തോടെയും ജനപിന്തുണയോടെയും നടപ്പിലാക്കാൻ ലക്ഷ്യമിട്ടുള്ള ടി പദ്ധതിക്ക് സർക്കാർ അനുമതിയും, മാർഗ്ഗ രേഖയും 24.5.2014 ലെ സർക്കാർ ഉത്തരവ് നമ്പർ 89/2014 മുഖേന പുറപ്പെടുവിച്ചിരുന്നു. " ഒരു മനുഷ്യന് ഒരു മരം" എന്ന പേരിൽ സാദ്ധ്യമായ |

സ്ഥലങ്ങളിലെല്ലാം, പ്രത്യേകിച്ച് ഒഴിഞ്ഞു കിടക്കുന്ന പൊതു സ്ഥലങ്ങൾ, പുറമ്പോക്കുകൾ, വിദ്യാലയ പരിസരങ്ങൾ, റോഡരികുകൾ, സ്വകാര്യ കൈവശസ്ഥലങ്ങൾ എന്നിവിടങ്ങളിലെല്ലാം പൊതുജന പങ്കാളിത്തത്തോടെയും, സംസ്ഥാനത്തുടനീളം വൃക്ഷത്തൈകൾ നട്ടുവാനും ആയത് ബന്ധപ്പെട്ട വ്യക്തികൾ പരിപാലിച്ച് വളർത്തിയെടുക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനും , ഉദ്ദേശിച്ചുള്ളവയാണ് "ഹരിതശ്രീ" പദ്ധതി. ഈ വർഷം ലോക പരിസ്ഥിതി ദിനമായ ജൂൺ 5 ന് സംസ്ഥാന മൊട്ടാകെ 10 ലക്ഷം വൃക്ഷത്തൈകൾ, വിദ്യാർത്ഥികൾ, എൻ.സി.സി, എൻ.എസ്.എസ്. എസ്.പി.സി, കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, പരിസ്ഥിതി സംഘടനകൾ. ആർമി, നേവി, പോലീസ്, റെയിൽവേ, തപാൽ വകുപ്പ് വിവിധ വകുപ്പുകൾ എന്നിവ മുഖേനയും, വിവിധ തുറകളിലുള്ള ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടിയും രാവിലെ 10.30 -നും 11.30 -നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിതസമയത്ത് നട്ടുവാനും, തുടർന്ന് പരിപാലിച്ച് വളർത്തിയെടുക്കുവാനും ലക്ഷ്യമിട്ടിരുന്നു.

| | | |
|---|---|---|
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ: | ബി) കഴിഞ്ഞ ലോക പരിസ്ഥിതി ദിനത്തിൽ 5.6.2014 ന് രാവിലെ 10.30 -നും 11.30 -നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിത സമയത്ത് 10 ലക്ഷം വൃക്ഷത്തൈകൾ നടുന്നതിനും ടി തൈകൾ നഷ്ടപ്പെട്ടു പോകാതെ തുടർച്ചയായി പരിപാലി |

ക്കുന്നതിന് അതാത് സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയെ ചുമതലപ്പെടുത്തുന്നതിനും ആയതുവഴി ടി തൈകളെല്ലാം വൃക്ഷമായിമാറി സംസ്ഥാനത്തെ പരിസ്ഥിതിയെ പരിപോഷിപ്പിക്കുവാൻ ലക്ഷ്യമിട്ടുള്ളതാണ് ടി പദ്ധതി. പരിസ്ഥിതി പരിപോഷണം ഉറപ്പുവരുത്തുക എന്നത് കൂടാതെ വിദ്യാർത്ഥികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ അർദ്ധ സർക്കാർ കേന്ദ്ര സർക്കാർ, പൊതുമേഖല, മത സ്ഥാപനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജനസംഘടനകൾ, വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ. സന്നദ്ധ സംഘടനകൾ തുടങ്ങി സമൂഹത്തിലെ നാനാതുറയിലുള്ള പൗരന്മാരുടെ പങ്കാളിത്തവും യത്നവും ഇപ്രകാരമുള്ള പരിസ്ഥിതി പരിപാലന പദ്ധതികളിൽ ഉറപ്പുവരുത്തുവാൻ ഈ പദ്ധതി മുഖേന ലക്ഷ്യമിട്ടിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | ഏതെല്ലാം വകുപ്പുകളും സമൂഹ്യ സംഘടനകളുമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് : | സി) | വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, എൻ.സി.സി, എൻ.എസ്.എസ്, എസ്.പി.സി, ഭൂമിത്രസേന തുടങ്ങിയ വിദ്യാർത്ഥി സംഘടനകൾ, യുവജനസംഘടനകൾ, മതസ്ഥാപനങ്ങൾ, കുടുംബശ്രീ, ആർമി, നേവി, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ രാഷ്ട്രീയ പാർട്ടികളുടെ യുവജനസംഘടനകൾ, |

വനസംരക്ഷണസമിതികൾ, ഇക്കോ-ഡെവലപ്പ്മെന്റ് കമ്മിറ്റികൾ, തപാൽ വകുപ്പ് വിവിധ സർക്കാർ വകുപ്പുകൾ നേച്ചർ ക്ലബുകൾ തുടങ്ങി സമൂഹത്തിലെ നാനാതുറയിലുള്ള പൗരന്മാരരും ടി പദ്ധതിയുമായി സഹകരിക്കുന്നുണ്ട്.

ഡി പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാംനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

ഡി 2014 ജൂൺ 5 പരിസ്ഥിതി ദിനത്തിൽ രാവിലെ 10.30 -നും 11.30 -നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിതസമയത്ത് സമൂഹത്തിലെ നാനാതുറയിലുള്ള പൗരൻമാരുടെ പങ്കാളിത്തത്തോടുകൂടി സംസ്ഥാനമൊട്ടാകെ 10 ലക്ഷം വൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുകയും, തുടർന്ന് അവയെ പരിപാലിച്ച് വളർത്തിയെടുക്കുവാനുമാണ് ഈ വർഷം ലക്ഷ്യമിട്ടിരിക്കുന്നത്. ഇക്കാര്യത്തിൽ വേണ്ട തുടർനടപടികളെടുത്തതിനെത്തുടർന്ന് ടി ഹരിതസമയത്ത് 19.55 ലക്ഷം തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2015-16 വർഷത്തിൽ ഹരിതശ്രീ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

സെക്ഷൻ ഓഫീസർ